**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1350** **30-08-2022 - ൽ മറുപടിയ്ക്ക്**

**പുനലൂർ നെടുമ്പാറ ഗവ .ടി. സി .എൻ .എം .എച്ച് .എസ്. എസ്. സ്കൂളിൽ ഹോസ്റ്റൽ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ നിയോജകമണ്ഡലത്തിലെ ആര്യങ്കാവ് പഞ്ചായത്തിലെ മലയോര വനമേഖലയായ അമ്പനാട് നിന്നും നെടുമ്പാറ ഗവ .ടി .സി .എൻ .എം .എച്ച്.എസ്.എസ്. സ്കൂളിലേക്കുള്ള വാഹന ഗതാഗതം മഴക്കെടുതിയും തുടർച്ചയായ ഉരുൾപൊട്ടലും മൂലം പൂർണമായി നിലക്കുന്നത് മൂലം പ്രദേശത്തെ കുട്ടികൾക്ക് സ്കൂളിൽ എത്തുന്നതിന് ഒരു ദിവസം 1000 രൂപ ചെലവ് വരുന്ന ജീപ്പ് സർവീസിനെ ആശ്രയിക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ഗവൺമെന്റ് റ്റി.സി.എൻ.എം.എച്ച്.. എസ് -ൽ പഠിക്കുന്ന കുട്ടികളുടെ വാഹന ചെലവിനുള്ള സഹായമായി ഒരു വർഷം രണ്ട് ഗഡുക്കളായി 1200/- രൂപ Unserved Habitation എന്ന കണക്ക് ശീർഷകത്തിൽ നിന്നും അനുവദിച്ച് വരുന്നു.** |
| (ബി) | കഴിഞ്ഞവർഷം പുനലൂർ ബി .ആർ .സി .നടത്തിയ സർവ്വേയിൽ സ്കൂളുകളിൽ നിന്നും കൊഴിഞ്ഞു പോയ പത്തു കുട്ടികളും അമ്പനാട് മേഖലയിൽ നിന്നാണെന്നുള്ളതും, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കൊണ്ടും, ഗതാഗത സൗകര്യങ്ങളുടെ കുറവ് കൊണ്ടും കുട്ടികളുടെ വിദ്യാഭ്യാസം ദുഷ്കരമാകുന്നതിനാലും ടി .സി .എൻ.എം. നെടുമ്പാറ സ്കൂളിൽ ഹോസ്റ്റൽ സൗകര്യം ആരംഭിക്കണമെന്ന നിർദ്ദേശം സർക്കാരിലേക്ക് സമർപ്പിക്കാൻ ,തോട്ടം മേഖലയിലെ കുട്ടികളുടെ വിദ്യാഭ്യാസ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മണ്ഡലത്തിൽ ബഹു. കളക്ടർ വിളിച്ച് ചേർത്ത യോഗത്തിൽ ധാരണയായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് . 2022-23-ലെ സമഗ്ര ശിക്ഷ (കേരള) യുടെ ബി.ആർ.സി തല പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി റ്റി.സി.എൻ. എം.എച്ച്.എസ് സ്കൂളിന് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായുള്ള നിർദ്ദേശം കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ തലത്തിൽ പരിശോധിച്ച് വരികയാണ്. . കൂടാതെ അമ്പനാട് പ്രിയ എസ്റ്റേറ്റ് പ്രദേശത്തെ കുട്ടികൾ നേരിടുന്ന പഠന പ്രശ്നങ്ങൾ താത്ക്കാലികമായി പരിഹരിക്കു ന്നതിനായി അമ്പനാട് എസ്റ്റേറ്റ്, വേഞ്ചർ എസ്റ്റേറ്റ് എന്നിവിട ങ്ങളിൽ കുട്ടികൾക്ക് അധിക പഠന സഹായം നൽകുന്നതിനായി സമഗ്ര ശിക്ഷ (കേരള) നടത്തുന്ന 'പ്രാദേശിക പ്രതിഭാകേന്ദ്രം' പദ്ധതി നടപ്പിലാ ക്കിയിട്ടുണ്ട് . |
| (സി) | പ്രസ്തുത ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലസൗകര്യം സ്കൂളിൽ നിലവിലുള്ള സാഹചര്യത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ/ എസ്. എസ് .കെ .യുടെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഒരു ഹോസ്റ്റൽ കെട്ടിടം നിർമ്മി ക്കുന്നതിന് വേണ്ട തുടർനടപടികൾ കൈക്കൊള്ളുമോ; വിശദമാക്കാമോ? | (സി) | ഉണ്ട് . 2022-23-ലെ സമഗ്ര ശിക്ഷ (കേരള) യുടെ ബി.ആർ.സി തല പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി റ്റി.സി.എൻ. എം.എച്ച്.എസ് സ്കൂളിന് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായുള്ള നിർദ്ദേശം കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ തലത്തിൽ പരിശോധിച്ച് വരികയാണ്. . കൂടാതെ അമ്പനാട് പ്രിയ എസ്റ്റേറ്റ് പ്രദേശത്തെ കുട്ടികൾ നേരിടുന്ന പഠന പ്രശ്നങ്ങൾ താത്ക്കാലികമായി പരിഹരിക്കു ന്നതിനായി അമ്പനാട് എസ്റ്റേറ്റ്, വേഞ്ചർ എസ്റ്റേറ്റ് എന്നിവിട |

| | | | |
|---|---|---|---|
| | | | ങ്ങളിൽ കുട്ടികൾക്ക് അധിക പഠന സഹായം നൽകുന്നതിനായി സമഗ്ര ശിക്ഷ (കേരള) നടത്തുന്ന 'പ്രാദേശിക പ്രതിഭാകേന്ദ്രം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ